**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3376** **04-08-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലം ജില്ലയിലെ ലൈഫ്മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ ഭൂരഹിത-ഭവനരഹിതകുടുംബങ്ങൾക്കായി ലൈഫ്മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ ഭവനസമുച്ചയ നിർമ്മാണപ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ? | (എ) | ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്കായി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ 5 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് (പുനലൂർ, മുണ്ടയ്ക്കൽ, വെസ്റ്റ് കല്ലട, പവിത്രേശ്വരം, അഞ്ചൽ) ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രീഫാബ് ടെക്നോളജി ഉപയോഗിച്ചാണ് ടി നിർമ്മാണങ്ങൾ നടത്തുന്നത്. ഇതിൽ പുനലൂർ, മുണ്ടയ്ക്കൽ, വെസ്റ്റ് കല്ലട, അഞ്ചൽ എന്നിവിടങ്ങളിലെ ഭവന സമുച്ചയ നിർമ്മാണം പുരോഗമിക്കുന്നു. നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു. പവിത്രേശ്വരത്തുള്ള ഭവന സമുച്ചയ നിർമ്മാണം ആദ്യഘട്ടത്തിൽ ഉൾപ്പെട്ടിരുന്നില്ല. തുടർന്നുള്ള ഘട്ടത്തിൽ ടി ഭവനസമുച്ചയം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| | | | |
|---|---|---|---|
| കൊല്ലം | പുനലൂർ | എൽജിഎസ്എഫ്, പിഇബി ടെക്നോളജി എന്നിവ ഉപയോഗിച്ച് ലൈഫ് ടവർ (44 യൂണിറ്റുകൾ), ജി + 3 നിലകളുടെ രൂപകൽപ്പനയും നിർമ്മാണവും | ഭവന നിർമ്മാണത്തിന്റെ 85 % എൽ.ജി.എസ്.ഫ് ഇറക്ഷൻ പൂർത്തീകരിച്ചു. |
| | മുണ്ട യ്ക്കൽ | എൽജിഎസ്എഫ്, പിഇബി ടെക്നോളജി എന്നിവ ഉപയോഗിച്ച് ലൈഫ് ടവർ ( 32 യൂണിറ്റുകൾ), ജി + 3 നിലകളുടെ രൂപകൽപ്പനയും നിർമ്മാണവും | നിർമ്മാണ പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു. |
| | അഞ്ചൽ | എൽജിഎസ്എഫ്, പിഇബി ടെക്നോളജി എന്നിവ ഉപയോഗിച്ച് ലൈഫ് ടവർ (163 യൂണിറ്റുകൾ), ജി + 6 നിലകളുടെ രൂപകൽപ്പനയും നിർമ്മാണവും | ഫൗണ്ടേഷന്റെ ഫൂട്ടിംഗ് വർക്ക് പുരോഗമിച്ചു വരുന്നു. |
| | വെസ്റ്റ് കല്ലട | എൽജിഎസ്എഫ്, പിഇബി ടെക്നോളജി എന്നിവ ഉപയോഗിച്ച് ലൈഫ് ടവർ (72 യൂണിറ്റുകൾ), ജി + 3 (2 ബ്ലോക്ക്) നിലകളുടെ രൂപകൽപ്പനയും നിർമ്മാണവും | ബ്ലോക്ക് 1-ന്റെ എർത്ത് വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. പി.സി.സി വർക്ക് പുരോഗമിച്ചുവരുന്നു. |

Reen

**സെക്ഷൻ ഓഫീസർ**